(ഡി) 2003-2004 അദ്ധ്യയന വർഷം 3 കോടി 80 ലക്ഷം രൂപ ഫീസിനത്തിൽ ലഭിച്ചിട്ടുണ്ട്. (40 ലക്ഷം രൂപ പട്ടികജാതി വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും പിന്നീട് ലഭിക്കേണ്ടതാണ്). ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 19-1-2004-ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 55 ലക്ഷം രൂപ ആദ്യ ഗഡുവായി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ. സി. റ്റി. ഇ. നിബന്ധനപ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ നിയമനത്തിന് അടിയന്തിര നടപടികൾ സർവ്വകലാശാല എടുത്തിട്ടുണ്ട്.

പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ ഫീസ് ഘടന

84 [1452] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ നിലവിലുള്ള ഫീസ് ഘടനയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഫീസുകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്ത് തുക വീതം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു;

(ഡി) ഫീസ് വർദ്ധിപ്പിക്കുന്നതിന് മുൻപ് അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായി വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി & സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ഭാഗമായി ഫീസുകൾ വർദ്ധിപ്പിക്കേണ്ടിവരാം.

(സി) ഇക്കാര്യം അപ്പോൾ ആലോചിക്കാവുന്നതാണ്.

എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിലെ ക്രമക്കേടുകൾ

85 [1454] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിൽ താമസിക്കുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരുവിവരവും മേൽവിലാസവും പഠിക്കുന്ന ക്ലാസുകളും പട്ടികജാതി/പട്ടിക വർഗ്ഗം, മറ്റുള്ളവർ എന്നിവ സംബന്ധിച്ച വിശദവിവരവും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly